"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26- ഭവനനിർമ്മാണ (സാങ്കേതിക സെൽ)- 'പരിശീലനവും ഐ.ടി സൗകര്യങ്ങളും' എന്ന പദ്ധതിയ്ക്ക്-ഭരണാനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.27/2025/HSG തീയതി,തിരുവനന്തപുരം, 10-07-2025

പരാമർശം:- 1. ഭവനവകുപ്പ് (സാങ്കേതിക വിഭാഗം)-ന്റെ 06.05.2025-ലെ സി/416/2025/എച്ച്. സി. നമ്പർ കത്ത്

2. 30.05.2025-ൽ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

2025-26 സാമ്പത്തിക വർഷത്തെ ഭവനനിർമ്മാണ (സാങ്കേതിക സെൽ)-ന്റെ 'പരിശീലനവും ഐ.ടി സൗകര്യങ്ങളും' / 'Training & Augmenting IT facilites' എന്ന പദ്ധതി നടപ്പാക്കുന്നതിന് 2216-80-001-96 എന്ന ശീർഷകത്തിൽ 10,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്റ്റ് ഡിസൈൻ ,പ്രോജക്റ്റ് എസ്റ്റിമേഷൻ ,പ്രോജക്റ്റ് മാനേജ്മെന്റ്,പ്രോജക്റ്റ്മോണിറ്ററിംങ് എന്നിവയിൽ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ കഴിവുകൾ വർദ്ധിപ്പിക്കുക, വിവിധ സാമ്പത്തിക വിശദാംശങ്ങൾ വിശകലനം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും പങ്കെടുക്കുന്നവരെ പ്രാപ്തരാക്കുക എന്നിവയാണ് പരിശീലന പരിപാടിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ. ഐടി സൗകര്യങ്ങൾ വികസിപ്പിക്കുക, ഭവനനിർമ്മാണ വകുപ്പിന്റെയും ടെക്നിക്കൽ സെല്ലിന്റെയും വെബ്സൈറ്റുകൾ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക, ഐടി സേവനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുക, എഎംസി തുടങ്ങിയവയും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

2. 2025-26 സാമ്പത്തിക വർഷത്തെ 'Training & Augmenting IT facilites' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ പരാമർശം (1) പ്രകാരം ഹൗസിംഗ് കമ്മീഷണർ ലഭ്യമാക്കുകയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയ്ക്ക് 10,00,000/- (പത്തു ലക്ഷം രൂപ )രൂപയുടെ ഭരണാനുമതി നല്കണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി.

| No. | Components | estimate |
|---|---|---|
| 1 | Conducing training programmes to the officials of Housing related agencies like KSHB, KESNIK etc | 5,00,000 |
| 2 | Developing and launching new website for Housing Dept | 2,24,200 |
| 3. | AMC for softwares, procurement of IT infrastructure | 2,75,800 |
| | Total | 10,00,000/- |

3. പ്രസ്തുത പ്രൊപ്പോസൽ 30.05.2025-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും, ഭവനനിർമ്മാണ (സാങ്കേതിക സെൽ)-ന്റെ 'പരിശീലനവും ഐ.ടി സൗകര്യങ്ങളും' / 'Training & Augmenting IT facilities' എന്ന പദ്ധതിയ്ക്ക് 10,00,000/- രൂപയിൽ നിജപ്പെടുത്തി

ഭരണാനുമതി നല്കുന്നതിന് പരാമർശം (2) പ്രകാരം അംഗീകാരം നല്കുകയുമുണ്ടായി.

4. മേൽ സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷത്തെ ഭവന നിർമ്മാണ (സാങ്കേതിക സെൽ) -ന്റെ 'പരിശീലനവും ഐ.ടി സൗകര്യങ്ങളും' / 'Training & Augmenting IT facilities' എന്ന പദ്ധതി നിലവിലുള്ള പൊതു വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 2216-80-001-96 എന്ന ശീർഷകത്തിൽ നിന്നും 10,00,000/-രൂപ (പത്തു ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. സർക്കാർ അംഗീകരിച്ച് നല്കിയ പ്രൊജക്റ്റ് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.

ii. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

iii. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

iv. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

v. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ അധികരിക്കുവാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.

vi. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കാവുന്നതും എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

vii. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല

viii. ഈ പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് പ്രവീൺ

അഡിഷണൽ സെക്രട്ടറി

ഹൗസിംഗ് കമ്മീഷണർ, ഭവനനിർമ്മാണ (സാങ്കേതിക സെൽ),
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
ഐ&പി. ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 10-07-2025 14:25:22
സെക്ഷൻ ഓഫീസർ